**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 691** **28-01-2026 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി മേഖലയിൽ വിനിയോഗിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ എത്ര തുകയാണ് വിനിയോഗിച്ചതെന്ന് അറിയിക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>സാമ്പത്തിക വർഷം **2016-17** മുതൽ **2024-25** വരെ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ **അനുബന്ധം-I** ആയി ചേർക്കുന്നു.<br><br>**അനെർട്ട്**<br><br>2016 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ **അനുബന്ധം-II** ആയി ചേർക്കുന്നു.<br><br>**എനർജി മാനേജ്മെന്റ് സെന്റർ**<br><br>ഊർജ മേഖലയിൽ **2016** മുതൽ മൊത്തം **40.46** കോടി രൂപ എനർജി മാനേജ്മെൻറ് സെന്ററിന് പദ്ധതി വിഹിത ഇനത്തിൽ റിലീസ് കിട്ടിയിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്ത് **2690** ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപയോഗം കുറയ്ക്കാനും **266250** ടൺ ഇന്ധന ഉപഭോഗം ഒഴിവാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ **1614** കോടി രൂപയുടെ വൈദ്യുതിയും **2472** കോടി രൂപയുടെ ഇന്ധനവും ലാഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഫലമായി ജലവൈദ്യുത മേഖലയിൽ എത്ര പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ? | (ബി) | **കെ.എസ്.ഇ.ബി.എൽ.**<br><br>2016 മുതൽ ജല വൈദ്യുത മേഖലയിൽ 103.536 മെഗാവാട്ട് മൊത്തം സ്ഥാപിത ശേഷിയുള്ള ഏഴ് പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-III** ആയി ചേർക്കുന്നു.<br><br>**എനർജി മാനേജ്മെന്റ് സെന്റർ**<br><br>ഈ കാലയളവിൽ ഇ.എം.സി. - എസ്.എച്ച്.പി. സെൽ മുഖേന ഏതാണ്ട് 200 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | സ്വകാര്യ മുതൽ മുടക്കോടെ 29 MW-ന്റെ അധിക വൈദ്യുതി ഉത്പാദനശേഷി താഴെ പറയുന്ന 5 ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ സാധ്യമാക്കിയിട്ടുണ്ട്.<br><br>i. കാരിക്കയം - 4.5 മെഗാവാട്ട് - സ്റ്റേജ്- II (പത്തനംതിട്ട ജില്ല)<br>ii.പതംകയം - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല)<br>iii.ആനക്കാംപോയിൽ - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല)<br>iv.അരിപ്പാറ – 4.5 മെഗാവാട്ട് (കോഴിക്കോട് ജില്ല)<br>v. മുക്കടം – 4 മെഗാവാട്ട് **(**ഇടുക്കി ജില്ല**)** |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

**<u>സാമ്പത്തിക വർഷം 2016-17 മുതൽ  2024-25 വരെ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ</u>**

| Financial Year | Generation | Transmission | Distribution | Total (Rs. in crore) |
|---|---|---|---|---|
| 2016-17 | 176.56 | 280.04 | 1122.80 | 1579.40 |
| 2017-18 | 361.59 | 547.38 | 749.03 | 1658.00 |
| 2018-19 | 220.15 | 560.43 | 1434.67 | 2215.25 |
| 2019-20 | 458.35 | 899.36 | 1544.65 | 2902.36 |
| 2020-21 | 261.81 | 1219.61 | 1537.86 | 3019.28 |
| 2021-22 | 483.28 | 1024.19 | 1631.28 | 3138.75 |
| 2022-23 | 329.99 | 1032.73 | 1577.53 | 2940.25 |
| 2023-24 | 427.92 | 1265.46 | 1465.23 | 3158.61 |
| 2024-25 | 323.33 | 855.99 | 2050.40 | 3229.72 |
| **Total** | **3042.98** | **7685.19** | **13113.45** | **23841.62** |

**അനുബന്ധം-II**

## 2016 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| വർഷം | പദ്ധതി | ചെലവ് |
|---|---|---|
| 2016-2017 | ലബോറട്ടറി സൗകര്യങ്ങളുടെ പരിശോധനയും നവീകരണവും | 2,648,981.00 |
| | പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണ പദ്ധതികൾ | 31,233,960.00 |
| | പുനരുപയോഗ ഊർജ്ജ പദ്ധതികൾ | 13,138,433.00 |
| | പരിശീലനവും പരസ്യ പ്രചരണ പരിപാടികളും | 1,083,359.00 |
| 2017-2018 | പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണ പദ്ധതികൾ | 207,270,320.00 |
| | പുനരുപയോഗ ഊർജ്ജ പദ്ധതികൾ | 99,219,025.00 |
| | പുനരുപയോഗ ഊർജ്ജ പൊതുസമ്പർക്കം,എത്തിചേരൽ,പഠനങ്ങളും വികസനവും | 93,547,222.00 |
| 2018-2019 | പുനരുപയോഗ ഊർജ്ജ പദ്ധതികൾ | 96,358,515.00 |
| | പുനരുപയോഗ ഊർജ്ജ പൊതുസമ്പർക്കം,എത്തിചേരൽ,പഠനങ്ങളും വികസനവും | 9,314,960.00 |
| 2019-2020 | പുനരുപയോഗ ഊർജ്ജത്തിലുള്ള പരിപാടികൾ | 47,879,638.00 |
| | പുനരുപയോഗ ഊർജ്ജ പൊതുസമ്പർക്കം,എത്തിചേരൽ,പഠനങ്ങളും വികസനവും | 58,276,790.00 |
| 2020-2021 | പുനരുപയോഗ ഊർജ്ജത്തിലുള്ള പരിപാടികൾ | 144,926,770.00 |
| | പുനരുപയോഗ ഊർജ്ജ പൊതുസമ്പർക്കം,എത്തിചേരൽ,പഠനങ്ങളും വികസനവും | 39,998,210.00 |
| | പുനരുപയോഗ ഊർജ്ജത്തിന് വേണ്ടിയുള്ള ഒരു വിജ്ഞാനകേന്ദ്രം | 29,487,391.00 |

| | | |
|---|---|---|
| 2021–2022 | പുനരുപയോഗ ഊർജ്ജത്തിലുള്ള പരിപാടികൾ | 108,179,703.00 |
| | പുനരുപയോഗ ഊർജ്ജ പൊതുസമ്പർക്കം,എത്തിചേരൽ,പഠനങ്ങളും വികസനവും | 14,468,549.00 |
| | പുനരുപയോഗ ഊർജ്ജത്തിന് വേണ്ടിയുള്ള ഒരു വിജ്ഞാനകേന്ദ്രം | 77,836,465.00 |
| 2022–2023 | പുനരുപയോഗ ഊർജ്ജത്തിലുള്ള പരിപാടികൾ | 133,440,651.00 |
| | പുനരുപയോഗ ഊർജ്ജ പൊതുസമ്പർക്കം,എത്തിചേരൽ,പഠനങ്ങളും വികസനവും | 19,036,873.00 |
| | പുനരുപയോഗ ഊർജ്ജത്തിന് വേണ്ടിയുള്ള ഒരു വിജ്ഞാനകേന്ദ്രം | 49,598,992.00 |
| 2023–2024 | പുനരുപയോഗ ഊർജ്ജത്തിലുള്ള പരിപാടികൾ | 123,932,764.00 |
| | പുനരുപയോഗ ഊർജ്ജ പൊതുസമ്പർക്കം,എത്തിചേരൽ,പഠനങ്ങളും വികസനവും | 19,400,868.00 |
| | പുനരുപയോഗ ഊർജ്ജത്തിന് വേണ്ടിയുള്ള ഒരു വിജ്ഞാനകേന്ദ്രം | 11,302,425.00 |
| | പി.എം കുസും-നബാർഡ് RIDF പദ്ധതി | 157,446,859.00 |
| | ഗ്രീൻ എനർജി ഹബ്ബ് | 46,829.00 |
| 2024–2025 | പുനരുപയോഗ ഊർജ്ജത്തിലുള്ള പരിപാടികൾ | 142,151,543.00 |
| | പുനരുപയോഗ ഊർജ്ജ പൊതുസമ്പർക്കം,എത്തിചേരൽ,പഠനങ്ങളും വികസനവും | 19,964,335.00 |
| | പുനരുപയോഗ ഊർജ്ജത്തിന് വേണ്ടിയുള്ള ഒരു വിജ്ഞാനകേന്ദ്രം | 34,524,660.00 |
| | ഗ്രീൻ എനർജി ഹബ്ബ് | 3,699,234.00 |
| | പി.എം കുസും-നബാർഡ് RIDF പദ്ധതി | 218,590,929.00 |
| | **ആകെ തുക** | **2,008,005,253.00** |

**അനുബന്ധം-III**

## 2016 മുതൽ ജല വൈദ്യുത മേഖലയിൽ സ്ഥാപിച്ചിട്ടുള്ള

## ഏഴ് പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ. നം. | പദ്ധതിയുടെ പേര് | പദ്ധതി ആരംഭിച്ച വർഷം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | മാങ്കുളം ജലവൈദ്യുത പദ്ധതി (40 MW, 82.08 MU) | 2022 | സിവിൽ ജോലികളിൽ 37.60% പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ പ്രവർത്തികൾക്ക് കരാർ നൽകിയിട്ടുണ്ട്. |
| 2 | ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി (24 MW/ 76.45 MU)<br>ഒന്നാം ഘട്ടം<br>രണ്ടാം ഘട്ടം | <br>2018<br>2022 | <br>31.12.2022 ന പൂർത്തീകരിച്ചു<br>85.43% പുരോഗതി കൈവരിച്ചിട്ടുണ്ട് |
| 3 | അപ്പർ ചെങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതി (24MW, 53.22 MU) | 2024 | സിവിൽ ജോലികളിൽ 5.98% പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 4 | പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതി (7.5MW, 25.16 MU) | 2017 | സിവിൽ ജോലികളിൽ 43% പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| 5 | ഓലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (5 MW, 10.26 MU) | 2022 | സിവിൽ ജോലികളിൽ 60.50% പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ ജോലികളിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 6 | പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3 MW, 5.88 MU) | 2022 | സിവിൽ ജോലികളിൽ 63% പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ ജോലികളിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 7 | പൊരിങ്ങൽക്കുത്ത്മൈക്രോ ജലവൈദ്യുത പദ്ധതി (0.036MW,0.25MU) | 2024 | 15.07.2025 ൽ കൊമേർഷ്യൽ ഓപ്പറേഷൻ ആരംഭിച്ചു. |
| | **ആകെ** | | **103.536 MW** |